# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1192 11.06.2019 ൽ മറുപടിക്ക്**

**മലയോരഹൈവേയിൽ ഉൾപ്പെട്ട പാലങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.സി.ജോസഫ് | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) മലയോരഹൈവേയിൽ ഉൾപ്പെട്ട നടുവിൽ, കരുവഞ്ചാൽ, ആലക്കോട് എന്നീ പാലങ്ങളിൽ ഓരോന്നിന്റെയും നിർമ്മാണപ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | എ) മലയോര ഹൈവേയിൽ വരുന്ന ആലക്കോട് പാലത്തിന് 2019-20 ബഡ്ജറ്റിൽ 120 ലക്ഷം രൂപയുടെ (20%) പ്രൊവിഷൻ ഉണ്ട്. ആലക്കോട്, കരുവഞ്ചാൽ പാലങ്ങളുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.<br>നടുവിൽ പാലത്തിന് 950 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പുതിയ പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ നടത്തുന്നതിന് എസ്റ്റിമേറ്റ് സമർപ്പിക്കാൻ ചീഫ് എഞ്ചിനീയറോട് നിർദ്ദേശിച്ചിട്ടുണ്ട്. |
| ബി) ചെറുപുഴ മുതൽ ഉളിക്കൽ വരെയുള്ള മലയോരഹൈവേയുടെ രണ്ടാംഘട്ട നിർമ്മാണപ്രവർത്തനങ്ങളുടെ ഡി.പി.ആർ. തയ്യാറായിട്ടുണ്ടോ; ഇതിന്റെ പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ? | ബി) ചെറുപുഴ മുതൽ ഉളിക്കൽ വരെയുള്ള മലയോര ഹൈവേയിൽ വരുന്ന ചന്തോട്, ആനപ്പന്തി, വള്ളിത്തോട് എന്നീ പാലങ്ങളുടെ ഡിസൈൻ ലഭ്യമായിട്ടുണ്ട്. ഡി.പി.ആർ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ